പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5089**

04.07.2012 ൽ മറുപടിയ്ക്ക്

**വലിയമല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| തിരുവനന്തപുരം ജില്ലയിലെ വലിയമല പോലീസ് സ്റ്റേഷനിൽ 23/12, 61/2012 എന്നീ നമ്പരുകളായി രജിസ്റ്റർ ചെയ്ത കേസുകളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | <u>വലിയമല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 23/12</u><br>ഷാജി S/o മാനുവൽ എന്നയാളിന്റെ അറിവോ സമ്മതമോ കൂടാതെ ടിയാന്റെ പപ്പയുടെ ഉടമസ്ഥതയിലുള്ള 70 സെന്റ് വസ്തുവിൽ അതിക്രമിച്ചു കയറി 24 മീറ്റർ കരിങ്കൽ ഭിത്തി ജെ.സി.ബി. ഉപയോഗിച്ച് ഇടിച്ച് നശിപ്പിച്ച് നിലം മണ്ണിട്ട് നികത്തിയും 5 ലക്ഷം രൂപ നഷ്ടം വരുത്തി എന്നത് സംബന്ധിച്ച് ടിയാന്റെ പരാതി പ്രകാരം ക്രൈം നമ്പർ 23/12 u/s 143, 147, 149, 447, 427 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും, സർവ്വശ്രീ. പ്രഭാകരൻ, സൈമൺ, ശശിധരൻ, ജോയി ജോൺ, രാജശേഖരൻ, സുകുമാര നാശാരി എന്നിവരെയും, മറ്റ് പത്തോളം പേരെയും പ്രതികളായി ചേർത്തിട്ടുണ്ട്. കേസ് അന്വേഷിച്ചു വരുന്നു.<br><br><u>വലിയമല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 61/12</u><br>തിരുവനന്തപുരം റൂറൽ ജില്ലയിലെ ജലസേചന വകുപ്പിലെ വക പേരില മുക്കാൽതോട് പാലത്തിനു സമീപം 29 മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള കരിങ്കൽ ഭിത്തി ഇടിച്ച് നശിപ്പിച്ച് സർക്കാരിന് 75,000/- രൂപയുടെ നഷ്ടം സംഭവിപ്പിച്ചു എന്നത് സംബന്ധിച്ച് നെടുമങ്ങാട് മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരാതി പ്രകാരം ക്രൈം നമ്പർ 61/12 u/s 3(2) (a) of PDPP Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും, സർവ്വശ്രീ. പ്രഭാകരൻ, സൈമൺ, ശശിധരൻ, ജോയി ജോൺ, രാജശേഖരൻ, സുകുമാരനാശാരി എന്നിവരെയും, മറ്റ് പത്തോളം പേരെയും പ്രതികളായി ചേർത്തിട്ടുണ്ട്. കേസ് അന്വേഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ